# ഇ: തെരെഞ്ഞെടുത്ത ഉദ്ധരണികൾ

## യൂണിറ്റ് – 22 – ചില ഖുർആൻ സൂക്തങ്ങൾ – 1

ലോകർക്ക് കാരുണ്യമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല.

| | | | |
|---|---|---|---|
| لِلْعَالَمِينَ. | رَحْمَةً | إِلا | وَمَا أَرْسَلْنَاكَ |
| ലോകർക്ക് | കാരുണ്യമായിട്ട് | അല്ലാതെ | നിന്നെ നാം അയച്ചിട്ടില്ല |

അല്ലാഹുവാകുന്നു നിങ്ങളെ സൃഷ്ടിച്ചത്, പിന്നീട് നിങ്ങൾക്ക് അവൻ ഉപജീവനം നൽകി. പിന്നീട് നിങ്ങളെ മരിപ്പിക്കുകയും ചെയ്തു. അതിനുശേഷം നിങ്ങളെ ജീവിപ്പിക്കുകയും ചെയ്യുന്നു.

| | | |
|---|---|---|
| ثُمَّ رَزَقَكُمْ | خَلَقَكُمْ | اللَّهُ الَّذِي |
| പിന്നീട് നിങ്ങൾക്ക് ഉപജീവനം നൽകി | നിങ്ങളെ സൃഷ്ടിച്ചത് | അല്ലാഹുവാകുന്നു |

| | |
|---|---|
| ثُمَّ يُحْيِيكُمْ | ثُمَّ يُمِيتُكُمْ |
| അതിനുശേഷം നിങ്ങളെ ജീവിപ്പിക്കുകയും (ചെയ്യുന്നു) | പിന്നീടവൻ നിങ്ങളെ മരിപ്പിക്കുന്നു |

നിശ്ചയം അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെയാണ്.

| | | | | |
|---|---|---|---|---|
| | الصَّابِرِينَ. | مَعَ | اللَّهَ | إِنَّ |
| | ക്ഷമിക്കുന്നവരുടെ | കൂടെയാണ് | അല്ലാഹു | നിശ്ചയം |

നിശ്ചയം നാം അല്ലാഹുവിനുള്ളവരാകുന്നു നിശ്ചയം നാം അവനിലേക്ക് മടങ്ങുകയും ചെയ്യും.

| | |
|---|---|
| لِلَّهِ | إِنَّا |
| അല്ലാഹുവിനുള്ളവരാകുന്നു | നിശ്ചയം നാം |

| | | |
|---|---|---|
| رَاجِعُونَ | إِلَيْهِ | وَإِنَّا |
| മടങ്ങുകയും ചെയ്യും | അവനിലേക്ക് | നിശ്ചയം നാം |

അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു.

| | | |
|---|---|---|
| حَكِيمٌ | عَلِيمٌ | وَاللَّهُ |
| യുക്തിമാനുമാകുന്നു | എല്ലാം അറിയുന്നവനും | അല്ലാഹു |

<u>വ്യാകരണം:</u> തൃതീയ ക്രിയകളുടെ പ്രത്യേക സന്ദർഭങ്ങൾ പഠിക്കുകയാണിവിടെ. 3 അടിസ്ഥാന അക്ഷരങ്ങളുള്ള ക്രിയകളിലെ രണ്ടാമത്തെ അക്ഷരം ദുർബലമായവയെക്കുറിച്ചു പഠിക്കാം. (മൂന്ന് അക്ഷരങ്ങളിലെ ഒരെണ്ണം: و ،ي ،ا). ദുർബല അക്ഷരം പെട്ടെന്ന് ക്ഷീണിതനാകുന്നതിനാൽ ക്രിയകളുടെ എല്ലാ രൂപങ്ങളിലും അവ അതിജീവിക്കുന്നില്ല (ഭൂതകാലം, അപൂർണ കാലം, വിധിരൂപമായത് തുടങ്ങിയവ). അത് അപ്രത്യക്ഷമാകുകയോ, അതിൻെറ സ്ഥാനത്ത് മറ്റൊരു ദുർബല അക്ഷരത്തെ കൊണ്ടു വരുകയോ ചെയ്യുന്നു. ഇതിലെ ഏറ്റവും നല്ല വശം ഈ മൂന്നു ദുർബല അക്ഷരങ്ങൾ പരസ്പരം സഹകരിച്ച് അവയുടെ ദൗർബല്യം അതിജീവിക്കുകയാണ് എന്നുള്ളതാണ്. നമുക്ക് قَالَ 1719 (അവൻ പറഞ്ഞു) ഉദാഹരണമായി എടുക്കാം. . ഭൂതകാലത്തിലെ قَالَ (അടിസ്ഥാന അക്ഷരങ്ങൾ: ق و ل) യിലെ മധ്യത്തിലെ അക്ഷരമായ 'അലിഫ്' നു പകരം 'വാവ്' വരുമ്പോൾ يَقُولُ എന്നും 'യായ്' വരുമ്പോൾ قِيلَ എന്നും ആകുന്നു. (കർത്തരി പ്രയോഗം: ഇവിടെ പ്രതിപാതിക്കുന്നില്ല). ചില സന്ദർഭങ്ങളിൽ അത് قُلْ (പറയുക) ലേതുപോലെ അപ്രത്യക്ഷമാകുന്നു.

قَالَ (അവൻ പറഞ്ഞു) യുടെ വിവിധ രൂപങ്ങൾ باب نصر മാതൃക സ്വീകരിക്കുന്നു. كَانَ 1361 (അവൻ ആയിരുന്നു) യുടെ വിവിധ രൂപങ്ങൾ അഭ്യസിക്കുക.

| | |
|---|---|
| كَانَ، كَانُوا، كُنتَ، كُنتُم، كُنتُ، كُنَّا | قَالَ، قَالُوا، قُلْتَ، قُلْتُم، قُلْتُ، قُلْنَا، |
| يَكُونُ، يَكُونُونَ، تَكُونُ، تَكُونُونَ، أَكُونُ، نَكُونُ | يَقُولُ، يَقُولُونَ، تَقُولُ، تَقُولُونَ، أَقُولُ، نَقُولُ |
| كُنْ، كُونُوا، لَا تَكُنْ، لَا تَكُونُوا، | قُلْ، قُولُوا، لَا تَقُلْ، لَا تَقُولُوا، |
| كَائِن، مَكُون، كَون | قَائِل، مَقُول، قَول، |
| (كَانَتْ، تَكُونُ) | (قَالَتْ، تَقُولُ ) |

<u>പഠനക്കുറിപ്പുകൾ:</u>